# മഹാത്മാഗാന്ധി സർവ്വകലാശാല

**(സംഗ്രഹം)**

എയ്ഡഡ് കോളേജ് അദ്ധ്യാപക സ്ഥാനക്കയറ്റം 2010 ലെ ആറാമത് യു.ജി.സി. സ്കീം അപേക്ഷ സമർപ്പിക്കൽ - സംബന്ധിച്ച്

---

**അക്കാദമിക് ബി 5 വിഭാഗം**

നം. 5483 /ബി 5 /അക്കാദമിക്/2017 തീയതി, പ്രിയദർശിനിഹിൽസ്, 13 .09.2017

---

പരാമർശം: (1) 25/08/2017-ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതിയുടെ മിനിട്സ്-ലെ ഐറ്റം ഒ.എ.1.

(2) പരിപത്രം നം എസിബി 5/1/570/2017. തീയതി: 29/06/2017.

## ഉത്തരവ്

പരാമർശം രണ്ടുപ്രകാരം യുജിസി റെഗുലേഷൻ അനുസരിച്ച് സ്ഥാനക്കയറ്റം ലഭിക്കേണ്ട എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ ശുപാർശകൾ കോളേജ് പ്രിൻസിപ്പൽമാർ സെപ്റ്റംബർ 1- നു മുൻപ് സർവകലാശാലയിൽ സമർപ്പിക്കണം എന്ന് നിർദേശിച്ചിരുന്നു. ഇതേ തുടർന്ന് 25/08/2017-തീയതിയിൽ ചേർന്ന സിൻഡിക്കേറ്റിന്റെ അഫിലിയേഷനും അപ്പ്രൂവലും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം, പരാമർശം (1) പ്രകാരം അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിനായുള്ള ശുപാർശകൾ സർവ്വകലാശാലയിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. അഫിലിയേറ്റഡ് എയ്ഡഡ്കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് നൽകിയ പരിപത്രം. നം.എസിബി 5/1/570/2017. തീയതി: 29/06/2017 പ്രകാരം നിശ്ചയിച്ചിരുന്ന അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിനുള്ള ശുപാർശ സമർപ്പിക്കേണ്ട അവസാന തീയതി 2017-18 ലേക്ക് മാത്രമായി 2017 ഒക്ടോബർ 10 - ലേക്ക് നീട്ടിയിരിക്കുന്നു.

2. സ്ഥാനക്കയറ്റത്തിനുള്ള ശുപാർശ സ്ക്രീനിംഗ് കമ്മിറ്റി റിപ്പോർട്ടിനൊപ്പം പ്രിൻസിപ്പൽ/ഏറ്റവും മുതിർന്ന അധ്യാപകൻ/കോളേജ് മാനേജർ, സർവ്വകലാശാലയിലേക്കു അയക്കേണ്ടതാണ്.

ടി തീരുമാനങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ചട്ടം 1985, വകുപ്പ് 3.10(17) പ്രകാരം അംഗീകരിച്ചു വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ശ്രീരാജ് ആർ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്കും
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവി
3. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവി കോട്ടയം/എറണാകുളം
4. വൈസ് ചാൻസലറുടെ /പ്രോവൈസ് ചാൻസലറുടെ പി.എസ്.
5. രജിസ്ട്രാറുടെ പി എ
6. എ സി സി 1, 2 സെക്ഷൻ
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി /റെക്കോഡേഴ്സ്
8. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

ആജ്ഞാനുസരണം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ എ സി ബി 5/1/570/2017